**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 402** **01-02-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ഹോസ്റ്റൽ വളപ്പിനുള്ളിലെ തെരുവ് നായ്ക്കളുടെ ശല്യം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം നൽകാമോ; | (എ) | തെരുവ് നായ ശല്യം ദൂരീകരിക്കുന്നതിന് തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നഗരസഭകൾ സംഘടിപ്പിച്ച വാക്സിനേഷൻ ക്യാമ്പുകളുടെ എണ്ണം, വാക്സിൻ സ്വീകരിച്ച നായ്ക്കളുടെ എണ്ണം, വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആകെ നഗരസഭകൾ - 93<br><br>2. 01/09/2022 മുതൽ 31/12/2022 വരെ വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 4519<br><br>3. 01/09/2022 മുതൽ 31/12/2022 വരെ വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 15922<br><br>4. 01/09/2022 മുതൽ 31/12/2022 വരെ വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചവയുടെ ആകെ എണ്ണം - 51487<br><br>5. 01/09/2022 മുതൽ 31/12/2022 വരെ വളർത്തു നായ്ക്കൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ചവയുട ആകെ എണ്ണം - 30553 |

6. 01/09/2022 മുതൽ 31/12/2022വരെ കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ ആകെ എണ്ണം

- 3 (പാല, മഞ്ചേരി, ആലപ്പുഴ നഗരസഭകൾ)

7. ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി 01/09/2022 മുതൽ 31/12/2022 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം -976

8. 01/09/2022 മുതൽ 31/12/2022 വരെ പൊതുനിരത്തിലെ മാലിന്യ നിക്ഷേത്തിന് ഈടാക്കിയ പിഴതുക - 41,54,846/-

9. 01/09/2022 മുതൽ 31/12/2022 വരെ സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പയിനുകളുടെ എണ്ണം -1003

10. 01/09/2022 മുതൽ 31/12/2022 വരെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ ഇ സി/ ബോധവത്ക്കരണ ക്യാമ്പുകളുടെ എണ്ണം - 663

5 കോർപ്പറേഷനുകളിൽ സ്വന്തമായി എ ബി സി സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 31/08/2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

**<u>സർക്കാരിന്റെ തെരുവ് നായ ശല്യം നിയന്ത്രണ തീവയജ്ഞ പരിപാടിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈകൊണ്ടിട്ടുള്ള പ്രതിരോധ നടപടികൾ</u>**

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളിലായി 52,144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതു വഴി 247267 നായകൾക്ക് വാക്സിനേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ 81,373 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ആരോഗ്യം, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 637 ഹോട്ട്സ്പോട്ടുകൾ (തെരുവുനായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ 15/09/2022 തീയതിയിലെ സ.ഉ. (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനതല ജനകീയകമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>തെരുവു നായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>തെരുവുനായ ശല്യനിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ശുചിത്വയജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 491 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതു നിരത്തിലെ മാലിന്യ നിക്ഷേപത്തിന് 17,14,151/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിയമസഭ സാമാജികരുടെ ഹോസ്റ്റൽ വളപ്പിനുള്ളിൽ തെരുവുനായ ശല്യം രൂക്ഷമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എം.എൽ.എ. ഹോസ്റ്റൽ വളപ്പിനുള്ളിലെ തെരുവ് നായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നായ്ക്കളെ എ ബി സി സർജറിയ്ക്ക് വിധേയമാക്കുവാൻ പ്രസ്തുത സ്ഥത്തു നിന്നും 27/09/2022, 28/10/2022, 01/11/2022, 10/01/2023, 11/01/2023 തുടങ്ങിയ ദിവസങ്ങളിൽ നായ്ക്കളെ പിടികൂടിയിട്ടുണ്ട്. എ ബി സി ആക്ട് 2001 പ്രകാരം 7, സബ് സെക്ഷൻ 6 പ്രകാരം പിടികൂടിയ സ്ഥലത്ത് തന്നെ ഇവയെ സർജറിയ്ക്ക് ശേഷം വിടുകയും ചെയ്തു വരുന്നുണ്ട്. ടി ആക്ട് പ്രകാരം ഒരു സ്ഥലത്തു നിന്നും പിടികൂടിയ നായ്ക്കളെ സർജറിയ്ക്ക് ശേഷം മറ്റൊരു സ്ഥലത്ത് വിടാനും പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ